പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 251

10.12.2018 ൽ മറുപടിക്ക്

## കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രധാന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ്<br>,, വി. ജോയി<br>,, സജി ചെറിയാൻ<br>,, എം. മുകേഷ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ റോഡുകളിലെ അമിത വാഹന സാന്ദ്രത മൂലം റോഡ് യാത്ര ദുഷ്കരമായിത്തീരുകയും ഇതരസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ട്രെയിനുകളുടെ വേഗത വളരെക്കുറവും ആയ സാഹചര്യത്തിൽ സുഗമവും വേഗതയുള്ളതുമായ സഞ്ചാരം ഒരുക്കുന്നതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) സംസ്ഥാനങ്ങളുടെ റെയിൽ ഗതാഗതം മെച്ചപ്പെടുത്തുന്നതിനായി ഒരു സംയുക്ത സംരംഭക കമ്പനി (JVC) ആരംഭിക്കുന്നതിനുള്ള നിർദ്ദേശം റെയിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് നൽകുകയുണ്ടായി. സംയുക്ത സംരംഭക കമ്പനിയുടെ (JVC) ആരംഭ മൂലധനം 100 കോടി രൂപയാണ്. സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്രവുമായി ചേർന്ന് കേരള റെയിൽ വികസന കോർപ്പറേഷൻ എന്ന സംയുക്ത സംരംഭക കമ്പനി പ്രവർത്തിച്ച് വരുന്നു. സംസ്ഥാനത്തെ റെയിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് താഴെ പറയുന്ന പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>1. തലശ്ശേരി-മൈസൂർ റെയിൽവേ പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ<br>3. റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)<br>4. എരുമേലി-പുനലൂർ (നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)<br>5. ഏറ്റുമാനൂർ-പാല-ശബരി ലിങ്ക് ലൈൻ (നിർദ്ദിഷ്ട അങ്കമാലി-ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത)<br>6. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുന:പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി<br>7. നിലമ്പൂർ - നഞ്ചൻഗഡ് റെയിൽവേ ലൈൻ<br>മുകളിൽ പ്രസ്താവിച്ച ഏഴ് പദ്ധതികളിൽ താഴെ പറയുന്ന മൂന്ന് പദ്ധതികളുടെ സാധ്യതാ പഠനം നടത്തുകയും വിശദ പദ്ധതി രൂപരേഖ തയ്യാറാക്കൽ പ്രവർത്തനം പുരോഗമിച്ചു വരികയും ചെയ്യുന്നു. |

| | |
|---|---|
| | 1. തലശ്ശേരി- മൈസൂർ ബ്രോഡ് ഗേജ് പാത<br>2. സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമേ മൂന്നും നാലും ലൈനുകൾ<br>3. എറണാകുളത്ത് ഹൈക്കോർട്ടിന് അടുത്തുള്ള പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് ഒരു ഹബ്ബ് ആക്കി പ്രവർത്തനം ആരംഭിക്കുന്ന പദ്ധതി |
| (ബി) സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ തിരുവനന്തപുരം - ചെങ്ങന്നൂർ സബർബൻ റെയിൽ പ്രോജക്റ്റിന് റെയിൽവേയുടെ അനുമതി ലഭ്യമായിട്ടുണ്ടോ; നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (ബി) സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ വരെ 125.56 കിലോമീറ്റർ ദൂരം ഓട്ടോമാറ്റിക് സിഗ്നലിംഗ് ഏർപ്പെടുത്തിക്കൊണ്ട് റാപ്പിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്റ്റ്) ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുവെങ്കിലും അംഗീകാരം ലഭ്യമായില്ല. ബോർഡിന്റെ നിർദ്ദേശത്തെ തുടർന്ന് ട്രാഫിക് ഇംപാക്റ്റ് അസസ്മെന്റ് സംബന്ധിച്ച് ട്രാഫിക് കൺസൾട്ടന്റ് സമർപ്പിച്ച റിപ്പോർട്ടും അനുകൂലമല്ല. ഈ സാഹചര്യത്തിൽ പദ്ധതി പ്രായോഗികമല്ല എന്ന് റെയിൽവേ ബോർഡ് അറിയിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ